# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 448
# 04/02/2020 ലെ മറുപടിക്ക്

## ആസ്തി വികസന പദ്ധതിയുടെ ഭരണ ചെലവ്

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയുടെ ഭരണ ചെലവിനുള്ള തുക നൽകണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം എ.ഡി.സി. (ജനറൽ) ധനകാര്യ (നോഡൽ സെന്റർ-ബി) യ്ക്ക് നൽകിയ 23/11/2019-ലെ പി1/2222/17 നമ്പർ കത്തുപ്രകാരം 2017-18,2018-19,2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിൽ എന്തെങ്കിലും തുക അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഒരോ സാമ്പത്തിക വർഷവും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ? | 03/11/2017 ലെ സ.ഉ(സാധാ)നം.8308/2017/ധന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതിയുടെ ഭരണ ചെലവിനുള്ള തുകയായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 7 ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നു. 20/11/2017 ലെ സ.ഉ(പി)നം.150/2017/ധന ഉത്തരവ് പ്രകാരം മേൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കളക്ടേറ്റുകളുടെ ഭരണ കൈകാര്യ ചെലവുകൾക്ക് ഓരോ കളക്ടേറ്റുകളിലെയും ബന്ധപ്പെട്ട വിഭാഗത്തിന് ഒരു ഡെസ്ക്ടോപ്പ് കംമ്പ്യൂട്ടർ, ഒരു ലാപ്പ് ടോപ്പ്, പതിനായിരം രൂപയിൽ താഴെ വിലയുള്ള ഒരു പ്രിന്റർ, എഴായിരം രൂപയിൽ താഴെ വിലയുള്ള ഒരു സ്കാനർ, ഒരു സ്റ്റീൽ റാക്ക്, മറ്റ് ഭരണ കൈകാര്യ ചെലവുകൾക്ക് പ്രതിവർഷം ഓരോ കളക്ടേറ്റിനും അൻപതിനായിരം രൂപയും അനുവദിച്ചിരുന്നു. 03/11/2017 ലെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന തുകയിൽ നിന്നും മേൽ ചെലവുകൾ വഹിക്കേണ്ടതും അധികമായി വരുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ച് അടയ്ക്കേണ്ടതുമാണെന്നും നിർദ്ദേശം നൽകിയിരുന്നു. 11/06/2019 ലെ സ.ഉ(സാധാ)നം.4391/2019/ധന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതി 2018-19 കൈകാര്യം ചെയ്യുന്നതിനുള്ള ഭരണ കൈകാര്യ ചെലവിലേയ്ക്കായി ഓരോ കളക്ടേറ്റിനായും അൻപതിനായിരം രൂപ അനുവദിച്ച് നൽകുകയും മുൻ വർഷങ്ങളിൽ അനുവദിച്ച് നൽകിയ തുകയിൽ നിന്നും ഇതിനുള്ള ചെലവ് വഹിക്കേണ്ടതും അവശേഷിക്കുന്ന തുക തിരിച്ച് അടയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം അനുവദിച്ച തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ എല്ലാ ജില്ലാ കളക്ടർമാരും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അവശേഷിച്ച തുക ഇതിനോടകം തിരിച്ചടച്ചിട്ടുള്ള ജില്ലകൾക്ക് പ്രത്യേക അലോട്ട്മെന്റ് നൽകുന്നതും അതിനായുള്ള ശിപാർശകൾ ധനകാര്യ വകുപ്പിൽ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ